സംയോജിത ഗ്രാമവികസന പദ്ധതിയനുസരിച്ച് ഓരോ ബ്ലോക്കിലും ചെലവാക്കുന്ന തുക

127 [332] ശ്രീ. വി.സി. കബീർ:
,, സിറിയക് ജോൺ:
,, എ.സി. ഷൺമുഖദാസ്:
,, കെ.കെ. ബാലകൃഷ്ണൻ:
,, പി. വിജയദാസ്:
,, കെ. കൃഷ്ണൻകുട്ടി:
,, എ.വി. താമരാക്ഷൻ:
,, കെ. ശങ്കരനാരായണ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ബ്ലോക്കിലും ഈ സാമ്പത്തിക വർഷത്തിൽ സംയോജിത ഗ്രാമവികസന പദ്ധതിയനുസരിച്ച് ആകെ ചെലവാക്കുവാൻ അനുവദിച്ചിട്ടുള്ള സംഖ്യ എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതുവരെ ഈ പദ്ധതിയനുസരിച്ച് സഹായം ലഭിച്ചവരിൽ എത്ര ശതമാനം പേർ സാമ്പത്തികമായി മുന്നോക്കം വന്നിട്ടില്ലെന്നാണ് പുതിയ ബെനിഫിഷ്യറീസിനെ കണ്ടെത്തുവാൻ നടത്തിയ സർവ്വേയിൽ വെളിപ്പെടുത്തപ്പെട്ടിട്ടുള്ളത്;

(സി) അവരുടെ സംഖ്യ ജില്ലതിരിച്ചു മേശപ്പുറത്തു വയ്ക്കാമോ?

ഉത്തരം

(എ) സബ്സിഡിയായി 8.88 ലക്ഷം രൂപ വീതം.

(ബി) ഇതുവരെ ഈ പദ്ധതിയനുസരിച്ച് സഹായം ലഭിച്ച വരിൽ എത്ര ശതമാനം പേർ സാമ്പത്തികമായി മുന്നോക്കം വന്നു ചേർന്നിട്ടില്ലെന്നതിനെ കുറിച്ച് ഈ സർവ്വേ മുഖാന്തിരം അറിയുവാൻ ശ്രമിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ഐ.ആർ.ഡി.പി. മുഖേന സഹായം ലഭിച്ച കുടുംബങ്ങൾ

128 [333] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1983–84 വർഷത്തിലും 1984–85 വർഷത്തിലും ഐ.ആർ.ഡി.പി. അനുസരിച്ച് സംസ്ഥാനത്ത് എത്ര കുടുംബങ്ങളെ സഹായിച്ചിട്ടുണ്ട്;

(ബി) ഇതിൽ ഹരിജൻ കുടുംബങ്ങൾ എത്ര; അല്ലാത്തവർ എത്ര;

(സി) കുടുംബ വരുമാനം 3,500 രൂപയ്ക്കു താഴെയും പ്രതിശീർഷ വരുമാനം 744 രൂപയ്ക്കു താഴെയും വരുന്ന എത്ര കുടുംബങ്ങൾ സഹായം കിട്ടിയവരിൽ ഉൾപ്പെടും; അല്ലാത്തവർ എത്ര;

(ഡി) ഈ കുടുംബങ്ങളിൽ സ്വത്തു വിവര പരിശോധന നടത്തിയ എത്ര കുടുംബങ്ങൾ ഉണ്ട്. സ്വത്തു വിവര പരിശോധന നടത്താത്ത എത്ര കുടുംബങ്ങൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly